കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായികൾക്ക് സ്ഥലസൗകര്യം

5 [4857] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ജോർജ്ജ് ജെ. മാത്യു:
,, എ. പി. അനിൽകുമാർ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായികൾക്ക് സ്ഥല സൗകര്യം നൽകുന്നതിനുള്ള നടപടിക്രമങ്ങളെന്തെന്ന് അറിയിക്കാമോ;

(ബി) അവിടെ വ്യവസായികൾക്ക് സ്ഥലമോ കെട്ടിടമോ നൽകുന്നത് വിലയ്ക്കാണോ അതോ വാടകയ്ക്കാണോ എന്ന് വ്യക്തമാക്കുമോ;

(സി) വാടകയ്ക്ക് നൽകിയിട്ടുള്ള സ്ഥലമോ കെട്ടിടമോ വിലയ്ക്കു നൽകുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് വേണ്ടിയുള്ള ആദ്യപടിയായി ഭൂമി ലഭിക്കുന്നതിന് വേണ്ടി രജിസ്റ്റർ ചെയ്യണം. കിൻഫ്രയുടെ വിവിധ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്യുന്നതിന് വേണ്ടി സർക്കാർ ഒരു "ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി" രൂപീകരിച്ചിട്ടുണ്ട്. ഭൂമിക്ക് വേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായികളുടെ പ്രോജക്ടുകൾ വിശകലനം ചെയ്തതിന് ശേഷമാണ് ഭൂമി അലോട്ട് ചെയ്യുന്നത്.

(ബി) കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി സ്ഥലവും കെട്ടിടവും നൽകുന്നത് പാട്ടത്തിനാണ്.

(സി) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് വേണ്ടി സ്ഥലവും കെട്ടിടവും വിലയ്ക്ക് നൽകാറില്ല. എന്നാൽ ചില പ്രത്യേക സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് പൊതു സൗകര്യങ്ങൾ പാർക്കുകളിൽ ലഭ്യമാക്കുന്നതിന് കിൻഫ്ര സ്ഥലം വിലയ്ക്ക് നൽകാറുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണത്തിന് വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക

6 [4860] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ പരിഷ്കരണത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly